പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 6312

20.11.2019 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ. സജി ചെറിയാൻ
ശ്രീ.പി.വി. അൻവർ
ശ്രീ. ഒ.ആർ.കേളു :

എ) സംസ്ഥാനത്തെ തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിലേക്ക് സർക്കാർ നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ഭൂരിഭാഗവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ നൽകേണ്ടിയിരുന്ന സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന ശുപാർശകളായ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിനും, കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്നതിനുമുള്ള ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ആയതിനുള്ള നിയമ ഭേദഗതിക്കായുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ പ്ലാന്റേഷൻ മേഖലയുടെ സമഗ്രപുരോഗതിക്കായുള്ള കരട് പ്ലാന്റേഷൻ നയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തോട്ടം തൊഴിലാളികളുടെ ഭവനപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) പ്രളയക്കെടുതിയും തുടർന്നുണ്ടായ കാലാവസ്ഥാ മാറ്റവും ഈ മേഖലയെ എപ്രകാരമാണ് പ്രതികൂലമായി ബാധിച്ചതെന്ന് വിശദമാക്കാമോ; | ബി) പ്രളയക്കെടുതിയും, കാലാവസ്ഥാമാറ്റവും മൂലം 2018 വർഷത്തിൽ പ്ലാന്റേഷൻ മേഖലയിൽ ഏകദേശം 15 കോടി രൂപയുടെയും, ചെറുകിട തോട്ടം മേഖലയിൽ 30 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 45 കോടി രൂപയുടെ വേതന നഷ്ടം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. കൂടാതെ തേയിലയിൽ 35%-ഉം, റബ്ബറിൽ 25%-ഉം, കാപ്പിയിൽ 20%-ഉം ഉൽപ്പാദന നഷ്ടവും ഉണ്ടായിട്ടുണ്ട്.<br><br>2019 വർഷത്തിൽ ഉണ്ടായ പ്രളയം വയനാട് ജില്ലയിലെ തോട്ടം മേഖലയെ സാരമായി ബാധിക്കുകയുണ്ടായി. ഇത് മൂലം കേരളത്തിന്റെ തോട്ടം മേഖലയിലാകെ 3.82 കോടി രൂപ വേതന നഷ്ടം സംഭവിച്ചിട്ടുണ്ട്. |
| സി) ഇക്കാരണങ്ങളാൽ പ്രസ്തുത മേഖലയിലുണ്ടായ വൻ ഉല്പാദനനഷ്ടം നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | സി) പ്രകൃതിദുരന്തം മൂലം തോട്ടം മേഖലയിലെ കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) തോട്ടം മേഖലകളിൽ ഭൂമിയും വീടും ഇല്ലാത്ത തൊഴിലാളികൾക്ക് താമസ സൗകര്യം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | ഡി) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട്, ലൈഫ് പദ്ധതി മുഖേന ലഭ്യമാക്കാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ നടത്തിപ്പിനായി ലൈഫ് മിഷനെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്തെ തോട്ടം തൊഴിലാളികളെ നാല് കാറ്റഗറികളായി തരം തിരിച്ച് തൊഴിൽ വകുപ്പ് നടത്തിയ സർവ്വേയിൽ 32591 പേർ ഭൂരഹിതരും, ഭവനരഹിതരുമാണെന്ന് കണ്ടെത്തുകയും ടി സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം ലൈഫ് മിഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തോട്ടം മേഖലയിൽ ജോലി ചെയ്യുന്നതും |

സ്വന്തമായി സ്ഥലമുള്ളതും ഭവനരഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ച നൽകുവാനാണ് ടി പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്. ഇതിലേക്കായി ലൈഫ് മിഷൻ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 പേരെ തിരഞ്ഞെടുക്കുകയും, ആയത് പ്രകാരമുള്ള ടി ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന് കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി റവന്യൂ വകുപ്പിൽ നിന്ന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു.

കൂടാതെ വയനാട്ടിൽ തോട്ടം തൊഴിലാളികൾക്ക് ബീവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

Anishad

**സെക്ഷൻ ഓഫീസർ**